(ബി) ഡെപ്യൂട്ടേഷൻ വഴി നിയമനം നടത്തുന്ന തസ്തികകളിലൊന്നും കരാർ/ദിവസക്കൂലി വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടില്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) കഴിയുന്നത്ര നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നടത്തിയിട്ടുണ്ട്. എന്നാൽ ഇതുകൂടാതെ ജില്ലാ സൈനിക വെൽഫയർ ബോർഡു വഴിയും സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ള തസ്തികളിലേക്ക് നേരിട്ടും നിയമനം നടത്തിയിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്റ്റോക്ക് ഉപയോഗശൂന്യമാകുന്നതുമൂലമുള്ള നഷ്ടം

35 [5489] ശ്രീ. സ്റ്റീഫൻ ജോർജ്:
,, ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ:
,, മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ സ്റ്റോക്ക് ചെയ്യുന്ന സാധനങ്ങൾ കേടുപറ്റി ഉപയോഗശൂന്യമാകാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ അറിയിക്കാമോ;

(സി) ഇതുമൂലം ഓരോ വർഷവും കോർപ്പറേഷന് എത്ര രൂപ നഷ്ടം വരുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്രയാണെന്ന് അറിയിക്കുമോ;

(ഇ) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ചില സന്ദർഭങ്ങളിൽ ഭക്ഷ്യ ധാന്യങ്ങൾക്ക് കേട് പറ്റാറുണ്ട്. കീടബാധ, ഈർപ്പം മുതലായ കാരണങ്ങളാലാണ് ഇങ്ങനെ സംഭവിക്കുന്നത്.

(സി, ഡി) ഉണ്ട്. ഇതുസംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	വാങ്ങിയ വില (രൂപ)	കേടുവന്നത് (രൂപ)	ശതമാനം
2000-01	114,58,72,399.30	4,21,090.00	0.036
2001-02	99,99,76,906.92	5,19,543.35	0.051
2002-03	111,96,03,625.46	8,21,346.00	0.073

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനും അവ കേട് വരാതെ സൂക്ഷിക്കുന്നതിനും ആധുനിക സംഭരണ രീതികൾ നടപ്പാക്കിയിട്ടുണ്ട്.

റേഷൻ-ആൾ അനുപാതം കൂട്ടാൻ നടപടി

36 [5490] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള റേഷൻ-ആൾ അനുപാതം കൂട്ടുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന റേഷൻ വിഹിതം മുഴുവനും ഉപ യോഗിക്കാതെ വരുന്ന സാഹചര്യത്തിൽ റേഷൻ-ആൾ അനുപാതം കൂട്ടുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ തോത് (അളവ്) നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്.

ആത്മഹത്യ ചെയ്ത റേഷൻകടയുടമകൾ

37 [5491] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്ര റേഷൻ കടയുടമകൾ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പേർ ജപ്തി നടപടിയെ തുടർന്ന് ആത്മഹത്യ ചെയ്തി ട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) ആത്മഹത്യ ചെയ്ത റേഷൻ കടയുടമകളുടെ കുടുംബത്തെ സഹാ യിക്കുന്നതിനും അവരുടെ ബാദ്ധ്യതകൾക്ക് പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ആത്മഹത്യ ചെയ്ത കുടുംബങ്ങൾക്ക് സർക്കാർ എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏഴ്.

(ബി) ജപ്തി നടപടിയെത്തുടർന്ന് ആരും ആത്മഹത്യ ചെയ്തിട്ടില്ല.

(സി) മരണപ്പെടുന്നവരുടെ ആശ്രിതർക്ക് താൽപ്പര്യമുണ്ടെങ്കിൽ മരണപ്പെട്ട വ്യക്തികളുടെ പേരിലുള്ള കടകൾ അവർക്ക് അനുവദിക്കാറുണ്ട്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly